**ഭരണഭാഷ-മാതൃഭാഷ**

നമ്പർ :ഐസിഡിഎസ് ബി1/39936/13

വനിതാ ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
ഫോൺ : 0471-2346508
ഇ-മെയിൽ :directorate.wcd@kerala.gov.in
തിയതി : 04-08-2021

വനിതാ ശിശുവികസന ഡയറക്ടർ.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ സി ഡി പി ഒ മാർക്കും

സർ,

വിഷയം : വ.ശി.വി.വ – സംയോജിത ശിശു വികസന പദ്ധതി - വിഭിന്ന ശേഷി കുട്ടികൾക്കായി സ്പെഷ്യൽ അങ്കണവാടി പദ്ധതി -അങ്കണവാടികൾ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം - സംബന്ധിച്ച്

സൂചന (1) : 06.05.2021,18.06.2021 എന്നീ തിയ്യതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ കത്തുകൾ .

വിഭിന്നശേഷി കുട്ടികൾക്കായി സംസ്ഥാനത്തിലെ വിവിധ പ്രോജക്ടുകളിൽ നിന്നും 142 അങ്കണവാടികളെ തെരെഞ്ഞെടുത്ത് സ്പെഷ്യൽ അങ്കണവാടികൾക്കായുള്ള അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് സൂചന പ്രകാരം മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു . ആയതിന് വിവിധ ജില്ലകളിൽ നിന്നും പ്രൊപ്പോസലുകളും ലഭ്യമായിട്ടുണ്ട്.

തദ്ദേശ സ്വയം ഭരണ സ്ഥാപനം മുഖേന സ്പെഷ്യൽ എഡ്യൂക്കേറ്ററിന്റെ സേവനം നൽകിയെങ്കിൽ മാത്രമേ സ്പെഷ്യൽ അങ്കണവാടി പ്രവർത്തനം സുഗമമായി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ . വിഭിന്ന ശേഷി വിഭാഗക്കാർക്കായുള്ള വിവിധ പദ്ധതികൾക്കായി ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും നീക്കിയിരുപ്പുള്ള തുകയിൽ നിന്നും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ നിയമിക്കുന്നതിനാവശ്യമായ ഫണ്ട് കണ്ടെത്താവുന്നതാണ് .

ഇത്തരത്തിൽ സ്പെഷ്യൽ അങ്കണവാടികൾക്ക് ഭൗതീക സാഹചര്യം ഒരുക്കുന്നതിനായി കണ്ടെത്തുന്ന ഓരോ അങ്കണവാടികളിലും നിശ്ചിത യോഗ്യതയുള്ള സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ നിയമിക്കുന്നതിനും സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് ഹോണറേറിയം

നൽകുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്നും തുക വകയിരുത്തുന്നതാണെന്നുള്ള പഞ്ചായത്ത് / കൗൺസിൽ തീരുമാനം ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്ത് ഫണ്ട് ലഭ്യമല്ലാത്ത പക്ഷം , ബ്ലോക്ക് പഞ്ചായത്തിന്റെയോ ജില്ലാ പഞ്ചായത്തിന്റെയോ ഫണ്ട് ഇതിനായി കണ്ടെത്താവുന്നതാണ് .

പഞ്ചായത്ത്/കൗൺസിൽ തീരുമാന സഹിതം ജില്ലകളിൽ നിന്നും പ്രൊപ്പോസൽ ലഭ്യമായെങ്കിൽ മാത്രമേ സ്പെഷ്യൽ അങ്കണവാടികൾക്ക് ഭൗതീക സാഹചര്യം ഒരുക്കുന്നതിന് ഫണ്ട് അനുവദിക്കുവാൻ കഴിയുകയുള്ളൂ . നടപ്പ് സാമ്പത്തിക വർഷം പദ്ധതി പൂർത്തീകരിക്കേണ്ടതുള്ളതിനാൽ മേൽ നടപടികൾ സ്വീകരിച്ച് 16.08.2021 ന് മുൻപായി പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് പ്രോഗ്രാം ഓഫീസർമാർ നടപടി സ്വീകരിക്കേണ്ടതാണ് .

ജില്ലകളിൽ നിന്നും ലഭ്യമായിട്ടുള്ള പ്രൊപ്പോസലുകളിൽ മേൽ പഞ്ചായത്ത് / കൗൺസിൽ തീരുമാനം അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ് . സ്പെഷ്യൽ അങ്കണവാടികൾക്കായി കണ്ടെത്തുന്ന അങ്കണവാടികളിൽ 400 sq .feet ൽ കുറവുള്ള കെട്ടിടങ്ങൾ പദ്ധതിക്കായി പരിഗണിക്കേണ്ടതില്ല .

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി

ഡയറക്ടർ
വനിതാ ശിശുവികസന വകുപ്പ്
തിരുവനന്തപുരം.